# ആരാണീ 'തമ്പുരാൻ'?!
# ഏതാണീ 'നാഥൻ'?!

മുഹമ്മദ് കൊടിയത്തൂർ

ISLAMBOOKS.IN

# ആരാണീ ‘തമ്പുരാൻ’?! ഏതാണീ ‘നാഥൻ’?!!

إِنَّ الْحَمْدَ للهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَن لَا إِلَهَ إِلَّا اللهُ، وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ *[آل عمران: ١٠٢]

يَا أَيُّهَا النَاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً وَاتَّقُوا اللهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ إِنَّ اللهَ كَانَ عَلَيْكُمْ رَقِيبًا [النساء: ١]

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ وَقُولُوا قَوْلاً سَدِيدًا * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَنْ يُطِعِ اللهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا * [الأحزاب: ٧٠-٧١]

أما بعد، فإن خير الحديث كتاب الله، وخير الهدي هدي محمد ﷺ، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

‘‘നാഥാ! ഞങ്ങളിൽപെട്ട രോഗികൾക്ക് നീ ശിഫ നൽകേണമേ, തമ്പുരാനേ! ഞങ്ങളുടെ പ്രയാസങ്ങൾ നീ നീക്കിത്തരേണമേ...’’ എന്നിങ്ങനെ ഖതീബുമാർ തന്നെ മിമ്പറുകളിൽ വെച്ച് പ്രാർത്ഥിക്കുകയും സദസ്സ് ‘ആമീൻ’ പറയുകയും ചെയ്യുമ്പോൾ, നമുക്കിവിടെ സുപ്രധാനമായ ചില കാര്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടിവരികയാണ്.

- *മുസ്‌ലിംകൾ ആരാധിക്കുന്നത് ആരെയാണ്?*
- *അവന്റെ ശരിയായ പേരെന്താണ്?*
- *മേൽ പറഞ്ഞ തമ്പുരാനും നാഥനും അവന്റെ പേരാണോ?*
- *ഉദ്ദേശ്യം നല്ലതാണെങ്കിൽ, അവനെ എന്തും വിളിക്കാമെന്നാണോ?*
- *ഒരാളെ വിളിക്കാൻ പേരിനു പകരം പേരിന്റെ വാക്കർത്ഥങ്ങൾ ഉപയോഗിക്കാമോ?*
- *മുസ്‌ലിംകളുടെ ആരാധ്യനെ ‘നാഥാ, തമ്പുരാനേ’ എന്നിങ്ങനെ വിളിക്കാമെന്നതിന് ഇസ്‌ലാമിക പ്രമാണങ്ങളിൽ വല്ല തെളിവുമുണ്ടോ?*

### മലയാള ഖതീബുമാർ

‘മമ്പുറത്തെ തങ്ങളേ! രക്ഷിക്കണേ’, ‘ബദ്‌രീങ്ങളേ! കാക്കണേ...’ എന്നിങ്ങനെയുള്ള പ്രാർത്ഥനകൾ ശിർക്കാണെന്ന് പ്രബോധനം ചെയ്യുന്നവർ ഊന്നിപ്പറയുന്ന കാര്യം, ഇബാദത്തിന് അർഹനായി സ്രഷ്ടാവായ അല്ലാഹു മാത്രമേയുള്ളു, പ്രാർത്ഥന ഇബാദത്താണ്, അതിനാൽ അല്ലാഹു അല്ലാത്തവരെ വിളിച്ചുപ്രാർത്ഥിക്കാൻ പാടില്ലാത്തതും ശിർക്കുമാണ് എന്നുള്ളതാണ്. അതത്രയും ശരി തന്നെ. എന്നാൽ, തൗഹീദിന്റെ കാര്യത്തിൽ ഏറെ ശുഷ്കാന്തി കാണിക്കുന്നവരെന്നു അവകാശപ്പെടുന്ന ഈ ഖതീബുമാർ തന്നെ മിമ്പറിൽ വെച്ച് ‘നാഥനെ’യും ‘തമ്പുരാനെ’യും നീട്ടിവിളിച്ച് ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് എന്തുമാത്രം സങ്കടകരമല്ല!!

ഇത്തരം ഖതീബുമാരിൽ ചിലരോട് ഇക്കാര്യത്തെ കുറിച്ച് ഉണർത്തിയപ്പോഴുണ്ടായ അനുഭവം വളരെ തിക്തമായിരുന്നു. തദ്വിഷയകമായി യാതൊരു ചിന്തയോ അറിവോ ഇല്ലാതിരിക്കുക, അതിനെ അതീവ ലാഘവത്തോടെ വീക്ഷിക്കുക, ഖുത്ബയും പ്രാർത്ഥനയും കൂടുതൽ കൂടുതൽ ഭക്തിപൂർവ്വകമാക്കാനുള്ള മാർഗ്ഗമായി അതിനെ കണക്കാക്കുക, തങ്ങൾ മാതൃകയാക്കുന്ന നേതാക്കളുടെ ശൈലി കടമെടുക്കുക, നല്ലവാക്ക് പറയുമ്പോൾ കുറ്റകരമായ ദുരഭിമാനത്തിനും ഈഗോക്കും അടിമപ്പെട്ടുപോകുകയും അനാവശ്യമായ തർക്കങ്ങൾക്ക് മുതിരുകയും ചെയ്യുക... ഇതൊക്കെയാണ് മലയാളികളായ ഖതീബുമാർ പ്രതികരിക്കുന്ന രീതി. ഇത്തരം ഖതീബുമാരുടെയും അവരുടെ ശ്രോതാക്കളുടെയും ശ്രദ്ധയിലേക്കായി തികഞ്ഞ ഗുണകാംക്ഷയോടെ ചില കാര്യങ്ങൾ കുറിക്കട്ടെ. ഇവരുടെ സ്വാധീന ഫലമായി ഈ ലേഖകന്റെ തന്നെ ചില മുൻകാല കൃതികളിൽ കടന്നുകൂടിയിട്ടുള്ള ഇത്തരം തെറ്റായ പ്രയോഗങ്ങൾക്കുള്ള പശ്ചാത്താപമായി അല്ലാഹു ഇത് സ്വീകരിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## ഇസ്‌ലാം മതി, ഈഗോ വേണ്ട

അല്ലാഹു പറയുന്നു:

وَإِذَا قِيلَ لَهُ اتَّقِ اللَّهَ أَخَذَتْهُ الْعِزَّةُ بِالْإِثْمِ فَحَسْبُهُ جَهَنَّمُ وَلَبِئْسَ الْمِهَادُ﴾ [البقرة: ٢٠٦]
''*നീ അല്ലാഹുവിനെ സൂക്ഷിക്കൂ എന്ന് ആരെങ്കിലും അവനോട് പറഞ്ഞാൽ കുറ്റകരമായ ദുരഭിമാനം അവനെ പിടികൂടുകയായി. അവനു നരകം തന്നെ മതി. അതെത്ര മോശമായ മെത്ത!!*'' (വി.ഖു. 2:206).

ഞാൻ പറയുന്നതൊക്കെ സത്യം, മറ്റാരു പറയുന്നതും എന്തു തന്നെയായിരുന്നാലും അംഗീകരിച്ചു കൊടുത്തുകൂടാ എന്ന മനോഭാവമാണ് കുറ്റകരമായ ദുരഭിമാനം, ഇതാണ് വിനാശകരമായ ഈഗോ. ഇത് ഒരു മുസ്‌ലിമിന്റെ മാർഗ്ഗമല്ല. സത്യത്തിനു മുന്നിൽ സദാ, സർവ്വാത്മനാ കീഴ്പ്പെടുന്നതാണ് 'ഇസ്‌ലാം'.

وَمَا كَانَ لِمُؤْمِنٍ وَلاَ مُؤْمِنَةٍ إِذَا قَضَى اللهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَنْ يَعْصِ اللهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُبِينًا﴾ [الأحزاب: ٣٦]
''*അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം തീരുമാനിച്ചാൽ സത്യവിശ്വാസിയായ ഒരു പുരുഷനോ സ്ത്രീക്കോ അവരുടെ കാര്യത്തിൽ മറ്റൊന്ന് തെരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ല. ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നുവോ അവൻ വ്യക്തമായും പിഴച്ചുപോയിരിക്കുന്നു.*'' (വി.ഖു. 33:36)

ഇതാണ് അല്ലാഹുവിന്റെ ശരീഅത്ത്. ഇത് പൂർണ്ണമായി അംഗീകരിക്കാൻ ഓരോ മുസ്‌ലിമും ബാധ്യസ്ഥനാണ്. അല്ലാഹു പറയുന്നു:

قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالْإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَنْ تُشْرِكُوا بِاللهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا وَأَنْ تَقُولُوا عَلَى اللهِ مَا لَا تَعْلَمُونَ﴾ [الأعراف: ٣٣]
''*പറയുക: എന്റെ റബ്ബ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളും, കുറ്റകൃത്യങ്ങളും, അന്യായമായ അതിക്രമങ്ങളും, നിങ്ങൾ അല്ലാഹുവിൽ പങ്കുചേർക്കുന്നതും - അതിനു യാതൊരു ന്യായപ്രമാണവും അവൻ ഇറക്കിത്തന്നിട്ടില്ല*

*എന്നിരിക്കെ – നിങ്ങൾക്കു അറിവില്ലാത്ത കാര്യം അല്ലാഹുവിന്റെ പേരിൽ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്.''* (വി.ഖു. 7:33)

ആധികാരികമായ രേഖകളൊന്നുമില്ലാത്ത കാര്യങ്ങൾ അല്ലാഹുവിന്റെമേൽ കെട്ടിച്ചമക്കുന്നതിനെ ഇവിടെ എണ്ണിയിരിക്കുന്നത് അല്ലാഹുവിനോട് പങ്കുചേർക്കുക എന്ന ഗുരുതരമായ പാപത്തിനും അപ്പുറത്താണ്. ഇതു തന്നെ, നാം ചർച്ചചെയ്യുന്ന വിഷയത്തിന്റെ ഗൗരവം വ്യക്തമാക്കാൻ പര്യാപ്തമാണല്ലോ.

## മുസ്ലിംകൾ ആരാധിക്കുന്നത് ആരെയാണ്?

ഒരിക്കൽ മക്കാ മുശ്രിക്കുകളും, മറ്റൊരിക്കൽ അറേബ്യയിലെ ജൂതന്മാരും മുഹമ്മദ് നബി ﷺ യെ സമീപിച്ചുകൊണ്ട് ചോദിച്ചു: ''ആരെയാണ് നീ ആരാധിക്കുന്നത്? ആരെ മാത്രം ആരാധിക്കാനാണ് നീ ഞങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്നത്? അവൻ ആര്, അവന്റെ വംശാവലി ഏത്, അവന്റെ വിശേഷണങ്ങൾ എന്തൊക്കെ – നിനക്കൊന്ന് വിശദീകരിക്കാമോ?''

മുഹമ്മദ് ﷺ തന്നിഷ്ടമനുസരിച്ച് സംസാരിക്കാറില്ല. അല്ലാഹു നൽകുന്ന വഹ്യ് അതേപടി ജനങ്ങൾക്കു കൈമാറുക മാത്രമാണ് ചെയ്യുക. അങ്ങനെ, അവരുടെ ചോദ്യത്തിനുള്ള ഉത്തരം അല്ലാഹുവിങ്കൽനിന്നു തന്നെ അവതരിച്ചു. ഇഖ്ലാസ് എന്ന പേരിൽ ഒരു അധ്യായമായി അത് ഖുർആനിൽ ചേർക്കപ്പെട്ടു. അവിടുന്ന് അത് അവരെ ഓതിക്കേൾപ്പിച്ചു.

قُلْ هُوَ اللهُ أَحَدٌ*اللهُ الصَّمَدُ* لَمْ يَلِدْ وَلَمْ يُولَدْ* وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ* [الإخلاص: ١-٤]

''*പറയുക: അവനാണ് അല്ലാഹു–ഏകനായിട്ടുള്ളവൻ. അല്ലാഹു പൂർണ്ണനിരാശ്രയൻ, ഏവർക്കും സദാ ആശ്രയമായിട്ടുള്ളവൻ. അവൻ ജനകനല്ല; ജാതനുമല്ല. അവനു തുല്യനായി ആരും തന്നെയില്ല.''* (വി.ഖു. 112:1-4)

മുസ്ലിംകൾ ആരാധിക്കുന്നത് അല്ലാഹുവിനെയാണ്–സൂറതുൽ ഇഖ്ലാസിൽ പരാമർശിക്കപ്പെട്ട അല്ലാഹു. മുഴുലോകരുടെയും ഏകനായ സ്രഷ്ടാവും ഉടമസ്ഥനും നിയന്താവും പരിപാലകനുമായ റബ്ബ്. മുഴുസൃഷ്ടികളും ന്യായമായും ആരാധിക്കേണ്ട ഏകനായ ഇലാഹ്. അവൻ ഏകനും അതുല്യനും അദ്വിതീയനുമാണ്.

## അവന്റെ പേരുകൾ

അല്ലാഹു എന്നതാണ് അവന്റെ അടിസ്ഥാന നാമം. അതിനു പുറമെ നിരവധി നാമങ്ങൾ അല്ലാഹുവിനു വേറെയുമുണ്ട്. അവയെല്ലാം തന്നെ അവന്റെ അന്യൂനതയെയും പരിപൂർണ്ണതയെയും സൗന്ദര്യത്തെയും പ്രഘോഷിക്കുന്നവയാണ്. അല്ലാഹുവിന്റെ ഉൽകൃഷ്ടമായ ഈ നാമങ്ങൾക്ക് ശറഇന്റെ ഭാഷയിൽ 'അസ്മാഉൽ ഹുസ്നാ' (الأسماء الحسنى) എന്നു പറയുന്നു. അവയിൽപ്പെട്ട തൊണ്ണൂറ്റി ഒമ്പത് നാമങ്ങളെ കുറിച്ച് ഹദീസിൽ പ്രത്യേക പരാമർശമുണ്ട്. നബി ﷺ പറയുന്നു:

عن أبي هريرة ﷺ قال: أن رسول الله ﷺ قال: إن لله تسعة وتسعين اسما، مائة إلا واحدا، من أحصاها دخل الجنة. [البخاري في صحيحه رقم ٢٧٣٦]

*അബൂഹുറയ്റ ﷺ വിൽനിന്ന് നിവേദനം. നിശ്ചയമായും നബി ﷺപറഞ്ഞിരിക്കുന്നു: "അല്ലാഹുവിന് തൊണ്ണൂറ്റി ഒമ്പത് നാമങ്ങളുണ്ട്, നൂറിൽനിന്ന് ഒന്ന് ഒഴികെ. അവ ആരെങ്കിലും ഇഹ്സ്വാഅ് ചെയ്താൽ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചതു തന്നെ."* (ബുഖാരി: 2736).

ഇഹ്സ്വാഅ് ചെയ്യുക എന്നാൽ ആ നാമങ്ങൾ കൃത്യമായി ഹൃദിസ്ഥമാക്കുകയും അവയിൽ ഉൾച്ചേർന്നിരിക്കുന്ന അർത്ഥങ്ങളും ആശയങ്ങളും സൂക്ഷ്മമായി ഗ്രഹിക്കുകയും അതിനനുസൃതമായി അല്ലാഹുവിന് ഇബാദത്ത് നിർവ്വഹിക്കുകയും ചെയ്യുക എന്നുള്ളതാണ്.

അല്ലാഹുവിന് അതിമഹത്തായ ഒരു നാമമുണ്ട്; ആ പേരുവിളിച്ച് അവനോട് ആരെങ്കിലും ദുആ ചെയ്താൽ അതിനവൻ ഉത്തരം നൽകും. അതിനാണ് اِسْمُ اللهِ الْأَعْظَمُഎന്ന് പറയുന്നത്.

عن أنس ﷺ أنه كانَ مَعَ رَسُول الله ﷺ جالسا، ورجل يصلي، ثم دعا: اللهم إني أسألك بأن لك الحمد، لا إله إلا أنت، المنان، بديع السموات والأرض، يا ذا الجلال والإكرام، يا حي يا قيوم، فقال النبي ﷺ: لقد دعا الله باسمه العظيم الذي إذا دعي به أجاب، وإذا سئل به أعطى. [الترمذي وأبو داود والنسائي وابن ماجة، وصححه الألباني]

*അനസ് ﷺ വിൽനിന്ന് നിവേദനം. അദ്ദേഹം നബി ﷺ യുടെ കൂടെ ഇരിക്കുമ്പോൾ മറ്റൊരാൾ നമസ്കരിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. അനന്തരം അദ്ദേഹം ദുആ ചെയ്തു: "അല്ലാഹുവേ! ഞാൻ നിന്നോട് യാചിക്കുന്നു, നിനക്കാണ് എല്ലാ സ്തോത്രവും. നീയല്ലാതെ ഒരാരാധ്യനുമേയില്ല. അനുഗ്രഹദാതാവ്! ആകാശഭൂമികളെ മാതൃകയില്ലാതെ ശുദ്ധശൂന്യതയിൽനിന്ന് സൃഷ്ടിച്ചവൻ! മഹത്വങ്ങളുടെയും ഔദാര്യങ്ങളുടെയും ഉടയവനേ! സ്വയമേവ നിലനിൽക്കുന്ന അമരനും മററുള്ളവയെ എല്ലാം നിലനിർത്തുന്നവനുമായവനേ!..." അപ്പോൾ നബി ﷺ പറഞ്ഞു: "നിശ്ചയമായും അദ്ദേഹം അല്ലാഹുവിന്റെ അതിമഹത്തായ പേര് ചൊല്ലിക്കൊണ്ടാണ് അവനോട് ചോദിച്ചിരിക്കുന്നത്. ആ പേരുകൊണ്ട് അവനോട് ദുആ ചെയ്താൽ അവൻ ഉത്തരം ചെയ്യുകയും അതു കൊണ്ട് അവനോട് യാചിച്ചാൽ അവനത് നൽകുകയും ചെയ്യും." (ഉദ്ധരണം: തിർമുദി, അബൂദാവൂദ്, നസാഈ, ഇബ്നു മാജഃ. അൽബാനി സ്വഹീഹ് എന്ന് രേഖപ്പെടുത്തിയത്)*

ഇതിനെല്ലാം പുറമെ അല്ലാഹുവിന് വേറെയും നാമങ്ങളുണ്ട്. അവൻ ഒരു ഗ്രന്ഥത്തിലും അവതരിപ്പിച്ചിട്ടില്ലാത്ത, അവന്റെ സൃഷ്ടികളിലാർക്കും അറിയിച്ചു കൊടുത്തിട്ടില്ലാത്ത, അവന്റെ അദൃശ്യജ്ഞാനത്തിൽ അവൻ സ്വന്തമാക്കി വെച്ചിട്ടുള്ള നാമങ്ങൾ!!

## പേരും പൊരുളും

ഒന്നാമതായി, ഭൗതികവസ്തുക്കളെ കുറിച്ച് പഠിക്കാൻ നമ്മുടെ മുന്നിൽ മുഖ്യമായും രണ്ടു വഴികളാണുള്ളത്; അപഗ്രഥനവും താരതമ്യവും. ഈ രണ്ടു വഴികളിലൂടെയും അല്ലാഹുവിനെ അറിയാനും പഠിക്കാനും സാധ്യമല്ല. അല്ലാഹു ആരാണെന്നും എന്തൊക്കെയാണ് അവന്റെ ഗുണങ്ങളെന്നും അവൻ തന്നെ പറഞ്ഞുതരണം. അത് അവൻ

നമുക്ക് പറഞ്ഞുതന്നിരിക്കുന്നത് അവന്റെ നാമ-ഗുണവിശേഷങ്ങളിലൂടെയാണ്. അതു കൊണ്ടു തന്നെ അവനെ അറിയാനും പഠിക്കാനുമുള്ള ഏറ്റവും നല്ല മാർഗ്ഗം അവന്റെ നാമ-ഗുണവിശേഷങ്ങൾ പഠിക്കലാണ്.

അല്ലാഹുവിന്റെ പേരുകൾ വെറും പേരുകളല്ല. അവന്റെ ഗുണവിശേഷങ്ങളിൽപെട്ട ഒന്നോ അതിലധികമോ വിശേഷണങ്ങൾ ഓരോ പേരിലും ഉൾച്ചേർന്നിട്ടുണ്ട്. അതുകൊാണ് അവന്റെ ഉൽകൃഷ്ടമായ നാമങ്ങളിൽപ്പെട്ട ആ തൊണ്ണൂറ്റി ഒമ്പത് നാമങ്ങൾ 'ഇഹ്സ്വാഅ്' ചെയ്തവന്ന് സ്വർഗ്ഗപ്രവേശം ലഭിക്കുമെന്ന് പറഞ്ഞത്. അവ 'ഇഹ്സ്വാഅ്' ചെയ്തവൻ അല്ലാഹുവിനെ അറിഞ്ഞുകഴിഞ്ഞു. അല്ലാഹുവിനെ അറിയേണ്ട വിധം അറിഞ്ഞ ഒരാൾക്ക് അവനെ സ്നേഹിക്കാതിരിക്കാൻ കഴിയില്ല; അവനെ അപരിമേയ മായി തന്നെ സ്നേഹിക്കും തീർച്ച. അവന്റെ അനുഗ്രഹങ്ങളെ കുറിച്ച് തികഞ്ഞ പ്രതീക്ഷയും അവന്റെ ശിക്ഷയെ കുറിച്ച് കഠിനമായ ഭയാശങ്കകളും വെച്ചുപുലർത്തും. ഇത് അവന്റെ ജീവിതത്തെ തന്നെ സമൂലമായി സംസ്കരിക്കുകയും സ്വർഗ്ഗപ്രവേശ ത്തിന് അവനെ യോഗ്യനാക്കുകയും ചെയ്യും.

ഉദാഹരണമായി, **الرحمن** എന്ന നാമം എടുക്കുക. 'റഹ്മത്ത്' അഥവാ 'കാരുണ്യം' എന്ന മഹത്തായ ഗുണമാണ് അത് ഉൾക്കൊള്ളുന്നത്. ഈ നാമം പ്രഘോഷിക്കുന്നത് അല്ലാ ഹുവിന് റഹ്മത്ത് എന്ന ഗുണവിശേഷമുണ്ട്, ഈ ഗുണം മുഴുവനും അവന്റെതും അവ നിൽനിന്നുള്ളതുമാണ്, അവനിലാണ് 'റഹ്മത്ത്' എന്ന ഗുണം പൂർണമാകുന്നത് തുട ങ്ങിയ ആശയങ്ങളാണ്. അല്ലാഹുവിന്റെ 'റഹ്മത്തി'ന്റെ നൂറിലൊരംശം മാത്രമാണ് ഈ ലോകത്തെ മുഴുസൃഷ്ടികളിലുമായി പരന്നുകിടക്കുന്നത്. നബി ﷺ പറഞ്ഞു:

عن أبي هريرة ﷺ قال: سمعت رسول الله ﷺ يقول: جعل الله الرحمة مائة جزء، فأمسك عنده تسعة وتسعين جزءا، وأنزل في الأرض جزءا واحدا، فمن ذلك الجزء يتراحم الخلق، حتى ترفع الفرس حافرها عن ولدها خشية أن تصيبه. [البخاري في صحيحه رقم ٦٠٠٠]

*അബൂഹുറയ്റ ﷺ വിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു, നബി ﷺ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: ''അല്ലാഹു റഹ്മതിനെ നൂറു ഭാഗങ്ങളാക്കി. തൊണ്ണൂറ്റിയൊമ്പത് ഭാഗം അവന്റെ അടുക്കൽ തന്നെ വെച്ചു. ഒരു ഭാഗം ഭൂമിയിൽ ഇറക്കി. ആ ഒരു ഭാഗം കൊണ്ടാണ് സൃഷ്ടികളെല്ലാം പരസ്പരം കാരുണ്യം കാണിക്കുന്നത് - തന്റെ കിടാ വിന്റെമേൽ തട്ടുമോ എന്ന ഭയത്താൽ കുതിര അതിന്റെ കുളമ്പ് ഉയർത്തിപ്പിടിക്കു ന്നതുപോലും.''* (ബുഖാരി: 6000)

അതിനാൽ അല്ലാഹുവിനോട് കാരുണ്യം ചോദിക്കുമ്പോൾ **يا رَحْمنُ.. يا رَحيمُ..** എന്നിങ്ങനെ വിളിച്ചുകൊണ്ടാണു ദുആ ചെയ്യേണ്ടത്. അങ്ങനെ ചെയ്യുമ്പോൾ അല്ലാഹുവിന് റഹ്മത്ത് എന്ന ഗുണമുണ്ടെന്നും, റഹ്മത്ത് എന്ന ഗുണത്തിന്റെ യഥാർത്ഥ ഉടമ അവനാണെന്നും, അവനിലാണ് റഹ്മത്ത് എന്ന ഗുണം പൂർണമായിട്ടുള്ളതെന്നുമുള്ള ശരിയായ ബോധ്യ ത്തിൽ തന്റെ ദുആ കൂടുതൽ സാർത്ഥകവും സഫലവുമായിത്തീരുന്നു. മാത്രമല്ല, കാരുണ്യം തേടേണ്ടത് അവനോട് മാത്രമാണെന്നും മറ്റാരോടും കാരുണ്യം ചോദിക്കാവ തല്ലെന്നുമുള്ള വിശ്വാസം പ്രായോഗികമായി അവന്റെ മനസ്സിലുറപ്പിക്കുകയും ചെയ്യുന്നു.

അല്ലാഹുവിന്റെ മറ്റു പേരുകളും ഇത്തരത്തിൽ ഒന്നോ അതിലധികമോ സ്വിഫത്തുകൾ ഉൾക്കൊള്ളുന്നവയാണ്. അല്ലാഹുവിന്റെ ശരിയായ ഗുണങ്ങളുടെയും അവനെ കുറിച്ചുള്ള വസ്തുനിഷ്ഠമായ വർണ്ണനകളുടെയും ആധികാരിക സ്രോതസ്സ് അവന്റെ നാമങ്ങളാണ്.

മറ്റൊരു ഉദാഹരണം നോക്കുക: الغَفَّارُ എന്ന നാമത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഗുണം, ധാരാളമായി പാപങ്ങൾ പൊറുത്തുകൊടുക്കുക എന്നുള്ളതാണ്. അല്ലാഹു ധാരാളമായി പാപങ്ങൾ പൊറുക്കുന്ന الغَفَّارُ ആണ്. മനുഷ്യരുടെ പാപങ്ങൾ പൊറുക്കാനുള്ള അധികാരം അവനു മാത്രമേയുള്ളുതാനും. അതിനാൽ സൃഷ്ടികൾ അവരുടെ പാപങ്ങൾ പൊറുത്തുകിട്ടാൻ അല്ലാഹുവിനോട് മാത്രമേ ദുആ ചെയ്യാവൂ. അതിനായി ദുആ ചെയ്യുമ്പോൾ الغَفَّارُ എന്ന പേർ വിളിച്ചുകൊണ്ടാണ് യാചിക്കേണ്ടത്.. يَا غَفَّارُ ! اغْفِرْ لِي എന്ന് നാം ദുആ ചെയ്യുമ്പോൾ നാം തേടുന്ന കാര്യത്തോട് യോജിക്കുന്ന നാമം തന്നെ തെരെഞ്ഞെടുക്കാൻ നമുക്ക് സാധിക്കുന്നു. ആ പേരിൽ തന്നെ അവനോട് ദുആ ചെയ്യുമ്പോൾ അത് സ്വീകരിക്കപ്പെടാനുള്ള സാധ്യത വർദ്ധിക്കുന്നു. ദുആ സ്വീകരിക്കാനുള്ള മറ്റു നിബന്ധനകൾകൂടി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് തള്ളപ്പെടില്ലെന്നു തന്നെ നമുക്ക് പ്രതീക്ഷിക്കാം.

الجَبَّارُ، المُتَكَبِّرُ، القَهَّارُ، العَزِيزُ എന്നീ പേരുകൾ 'ഇഹ്സ്വാഅ്' ചെയ്യാൻ അവയിലടങ്ങിയ ഗുണവിശേഷണങ്ങൾ മനസ്സിലാക്കുകയും അതിനനുസൃതമായി അല്ലാഹുവിനെ സദാ ഭയപ്പെടുകയും വേണം. അല്ലാഹുവിനെ മറച്ചുവെച്ചുകൊണ്ട് നമുക്ക് യാതൊന്നും ചെയ്യാൻ കഴിയില്ല. കണ്ണിന്റെ കട്ടുനോട്ടവും ഹൃദയങ്ങളിൽ ഒളിപ്പിച്ചിരിക്കുന്നതുമെല്ലാം അറിയുന്നവനാണ് അല്ലാഹു. വിചാരണ ദിനത്തിൽ  ആ ഹൃദയ മന്ത്രങ്ങളെയും രഹസ്യങ്ങളെയും എല്ലാം അവൻ പുറത്തുകൊണ്ടുവരും. ഇത്തരത്തിൽ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമായി അല്ലാഹുമാത്രമേയുള്ളു. അതാണ് السَمِيعُ، البَصِيرُ എന്നീ നാമങ്ങളുടെ പൊരുൾ.

അല്ലാഹുവിന്റ നാമങ്ങളും ഗുണവിശേഷങ്ങളും അവന്നു മാത്രമുള്ളവയാണ്. അതിൽ മറ്റാരെയും പങ്കുചേർക്കാൻ പാടില്ല. അല്ലാഹുവിന്റെ കേൾവി പോലെ സമ്പൂർണമായ കേൾവിയോ, അവന്റെ കാഴ്ച പോലെ സമ്പൂർണമായ കാഴ്ചയോ മറ്റാർക്കുമില്ല. ഉണ്ടാവാൻ പറ്റുകയുമില്ല. അവന്റെ ഗുണങ്ങളെല്ലാം തന്നെ അനാദിയും അനന്തവും സ്വകീയങ്ങളുമാണ്. അവ മറ്റാരിൽനിന്നെങ്കിലും ലഭിച്ചതോ പിന്നീട് വന്നു ചേർന്നതോ അവസാനിക്കാൻ പോകുന്നതോ അല്ല. അവക്ക് യാതൊരുവിധ പരിധിയോ പരിമിതിയോ ഇല്ല. എന്നാൽ സൃഷ്ടികളുടെ കാഴ്ചയും കേൾവിയും മറ്റു ഗുണവിശേഷണങ്ങളുമെല്ലാം തന്നെ പരിമിതങ്ങളാണ്. അവ സ്രഷ്ടാവായ അല്ലാഹുവിൽനിന്ന് ലഭിച്ചവയാണ്, പിന്നീട് വന്നു ചേർന്നവയാണ്, അവക്ക് തുടക്കവും ഒടുക്കവുമുണ്ട്, സ്ഥലകാലങ്ങളുടെ പരിമിതികളുണ്ട്. അല്ലാഹുവിന്റെ നാമ-ഗുണവിശേഷങ്ങൾ അവന്റെ തൗഹീദിന്റെ ഭാഗമാണ്. 'തൗഹീദുൽ അസ്മാഉ വസ്സ്വിഫാത്' അഥവാ നാമ-ഗുണവിശേഷങ്ങളിലുള്ള തൗഹീദ് എന്നാണ് ഇതറിയപ്പെടുന്നത്.

സമ്പൂർണ്ണതയുടെയും സൗന്ദര്യത്തിന്റെയും ഗുണവിശേഷങ്ങൾ ഉൾക്കൊള്ളുന്ന അനേകം നാമങ്ങൾ അല്ലാഹുവിന്നുണ്ടെന്നും, അവയിൽപ്പെട്ട തൊണ്ണൂറ്റി ഒമ്പത് നാമ

ങ്ങൾ ‘ഇഹ്സ്വാഅ്’ ചെയ്തവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നും പറഞ്ഞുവല്ലോ. ആ നാമങ്ങളുടെ പട്ടിക സ്വഹീഹായ ഒരു ഹദീസിലും ഉദ്ധരിച്ചിട്ടില്ല. അങ്ങനെഒന്ന് ഇമാം തിർമുദി ഉദ്ധരിച്ചിട്ടുള്ളത് സ്വീകാര്യയോഗ്യമല്ലാത്തതാണെന്നും അത് ‘മുദ്റജ്’ എന്ന ഇനത്തിൽ പെട്ടതാണെന്നും ഹദീസ് നിരൂപകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, അല്ലാഹുവിന്റെ നാമങ്ങളായി കുറേയേറെ പേരുകൾ ഖുർആനിലും ഹദീസിലും പലയിടങ്ങളിലായി പരാമർശിക്കപ്പെട്ടിട്ടുണ്ട്. അത് ഇഹ്സ്വാഅ് ചെയ്ത് അതിന്റെ താൽപര്യപ്രകാരം അല്ലാഹുവിനെ ഭയപ്പെട്ടും അവനിൽ പ്രതീക്ഷയർപ്പിച്ചും ജീവിതം നയിക്കുകയാണ് ഒരു മുസ്‌ലിം ചെയ്യേണ്ടത്. അല്ലാഹുവിൽ ഈമാൻ കൊള്ളുന്നതിന്റെ താൽപര്യമാണത്. ഇക്കാര്യത്തിൽ നാം ഓരോരുത്തരും എവിടെയാണ് എത്തിനിൽക്കുന്നതെന്ന് ആത്മാർത്ഥമായി പരിശോധിച്ചാലറിയാം നമ്മുടെ വാക്കിലെയും പ്രവർത്തിയിലെയും ‘ഇഖ്‌ലാസ്’.

രണ്ടാമതായി, ഭൗമലോകത്തെ മനുഷ്യന്റെ ജീവിതലക്ഷ്യം തന്നെ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതാണ്. മറ്റൊരു ജീവിതദൗത്യവും മനുഷ്യവർഗ്ഗത്തിനില്ല. എന്നിരിക്കെ, അല്ലാഹുവിനെ ആരാധിക്കുന്ന ഒരാൾ എങ്ങനെയാണ് അവനെ അഭിസംബോധന ചെയ്യേണ്ടത്? അല്ലാഹുവിനോട് ദുആ ചെയ്യുമ്പോൾ എന്തുവിളിച്ചാണ് കാര്യങ്ങൾ തേടേണ്ടത്? അതെ, അല്ലാഹുവിന് ഇബാദത്ത് ചെയ്യുമ്പോൾ അവനെ അഭിസംബോധന ചെയ്യാനും, ദുആ സമയത്ത് അവനെ വിളിച്ചുതേടാനും തന്നെയാണ് ‘അസ്മാഉൽ ഹുസ്നാ’ പഠിപ്പിച്ചിരിക്കുന്നത്. അല്ലാതെ സ്വർണ്ണലിപകളിൽ ആലേഖനം ചെയ്ത് ചുമരുകളലങ്കരിക്കാനല്ല. അത്തരമൊരു നടപടി സച്ചരിതരായ പൂർവ്വികരിൽനിന്ന് ഉദ്ധരിക്കപ്പെട്ടിട്ടില്ല താനും.

എന്നാൽ അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന ഒരു ‘മുവഹിദ്’ അവനെ ആരാധിക്കുമ്പോഴും അവനോട് ദുആ ചെയ്യുമ്പോഴും എന്താണു ചെയ്യേത്? അവനെ വിളിക്കാനും അഭിസംബോധന ചെയ്യാനും ദുആ നടത്താനും ഏതെല്ലാം പേരുകൾ ഉപയോഗിക്കാം? മുൻവിധിയോ പക്ഷപാതമോ ഇല്ലാത്ത സുമനസ്സുകളുടെ അറിവിലേക്കായി ചില കാര്യങ്ങൾ പറയട്ടെ. അല്ലാഹു പറയുന്നു:

قُلِ ادْعُوا اللَّهَ أَوِ ادْعُوا الرَّحْمَنَ أَيًّا مَا تَدْعُوا فَلَهُ الْأَسْمَاءُ الْحُسْنَى وَلَا تَجْهَرْ بِصَلَاتِكَ وَلَا تُخَافِتْ بِهَا وَابْتَغِ بَيْنَ ذَلِكَ سَبِيلًا ﴿

[الإسراء:١١٠]

‘‘*നിങ്ങൾ അല്ലാഹ് എന്ന് വിളിക്കുക, അല്ലെങ്കിൽ റഹ്മാൻ എന്ന് വിളിക്കുക. ഉൽകൃഷ്ടമായ നാമങ്ങൾ അവനുണ്ട്. അതിൽ ഏതുവേണമെങ്കിലും വിളിച്ചുകൊള്ളുക. നിന്റെ പ്രാർത്ഥന നീ ഉച്ചത്തിലാക്കരുത്. അത് നീ വളരെ പതുക്കെയുമാക്കരുത്. അതിനു മധ്യെയുള്ള മാർഗ്ഗം സ്വീകരിക്കുക.*’’ (ഇസ്റാഅ്: 110)

അല്ലാഹു ജാതനോ ജനകനോ അല്ല. അവനു മാതാപിതാക്കളോ ഭാര്യാസന്താനങ്ങളോ ഇല്ല. അവനു തുല്യനായി ആരും തന്നെയില്ല. അവനു പേരുകൾ നിശ്ചയിക്കുന്നത് അവൻ തന്നെയാണ്. അവന്റെ നാമങ്ങളും ഗുണവിശേഷങ്ങളും അവൻ മാത്രം നിർണ്ണയിച്ചിട്ടുള്ളതും, അവൻ തന്റെ ദൂതന്മാർക്ക് വഹ്‌യ് മുഖേന അറിയിച്ചു കൊടുത്തിട്ടുള്ളതുമാണ്. അത്തരം നാമ-ഗുണങ്ങളിൽ ചിലത് ഖുർആനിലും സുന്നത്തിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്.

***അവന്റെ നാമങ്ങളും ഗുണവിശേഷങ്ങളും വഹ്‌യിൽനിന്നും ലഭിച്ച അതേപടി സ്വീകരിക്കേണ്ടതാണ്. അപ്പടി സ്വീകരിക്കാനല്ലാതെ മാനുഷികമായ യാതൊരു ഇടപെടലിനും സാധുതയില്ലാത്ത കാര്യങ്ങളാണവ. അല്ലാഹുവിന്റെ നാമ-ഗുണവിശേഷങ്ങൾ 'തൗഖീഫിയ്യത്താണ്' എന്ന് പറയുന്നതിന്റെ വിവക്ഷ ഇതാണ്. അല്ലാഹുവിന്റെ നാമ-ഗുണവിശേഷങ്ങളാണെന്ന് അല്ലാഹുവോ റസൂലോ അറിയിച്ചു തന്നവ മാത്രമേ മുസ്‌ലിംകൾക്ക് അംഗീകരിക്കാൻ പറ്റൂ. അതിനപ്പുറം മനുഷ്യയുക്തി ഉപയോഗിച്ച് മറ്റുചില നാമ-ഗുണവിശേഷങ്ങൾ കണ്ടെത്താനോ, പറയാനോ ആരാധനയിലോ അല്ലാത്തവയിലോ അവ ഉപയോഗിക്കാനോ നമുക്ക് അനുവാദമില്ല.*** **ഓരോ ദേശക്കാരും ഭാഷക്കാരും അവരവർക്കിഷ്ടമുള്ള പേരുകൾ അല്ലാഹുവിന്ന് ചാർത്താൻ പാടില്ല. ഓരോരോ സ്ഥലത്തും കാലത്തുമുള്ള വ്യക്തികളും സമൂഹങ്ങളുമല്ല അവന് പേരുകൾ നിശ്ചയിക്കുന്നത്. അങ്ങനെ പറ്റും എന്ന് സ്ഥാപിക്കാവുന്ന യാതൊരു തെളിവും ഇസ്‌ലാമിക പ്രമാണങ്ങളിൽ കാണുകയുമില്ല.**

അല്ലാഹുവിനെ ഏതെല്ലാം പേരുകളിൽ വിളിക്കാം, ഏതു പേരുകളിൽ വിളിക്കാൻ പാടില്ല എന്നത് ഈമാൻ കാര്യമാണ്; തൗഹീദിന്റെ ഭാഗമാണ്. 'തൗഹീദുൽ അസമാഇ വസ്സ്വിഫാത്' എന്ന പേരിലാണ് ഇത് അഖീദയുടെ കൃതികളിൽ ചർച്ച ചെയ്തിരിക്കുന്നത്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ 'അഖീദത്തുൽ വാസിത്വിയ്യഃ'യിൽ പറയുന്നത് നോക്കുക:

ومن الإيمان باللهِ الإيمانُ بما وصفَ به نفسَهُ في كتابِهِ، وبما وصف به رسولُهُ من غير تحريف ولا تعطيل، ومن غير تكييف ولا تمثيل، بل يؤمن بأن الله سبحانه ليس كمثله شيء، وهو السميع البصير . [ابن تيمية في العقيدة الواسطية]

*''അല്ലാഹുവിനെ കുറിച്ച് അവൻ തന്നെ തന്റെ കിതാബിൽ വർണ്ണിച്ചതോ, അവനെ കുറിച്ച് അവന്റെ ദൂതൻ വർണിച്ചതോ ആയ കാര്യങ്ങളിൽ യാതൊരുവിധ തിരുത്തലുകളും കൂടാതെ, ഗുണവിശേഷങ്ങളിൽനിന്ന് മുക്തനാക്കാതെ, അവക്ക് രൂപങ്ങൾ കൽപിക്കാതെ, ഉപമകൾ പറയാതെ അതേപടി സ്വീകരിക്കുകയെന്നത് അല്ലാഹുവിൽ വിശ്വസിക്കുക എന്നതിന്റെ ഭാഗമാണ്. അഥവാ, അവൻ വിശ്വസിക്കേണ്ടത് അല്ലാഹുവിന് തുല്യനും സദൃശനുമായി ആരും തന്നെയില്ല, അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു എന്നുള്ളതാണ്.''* (അഖീദത്തുൽ വാസിത്വിയ്യഃ)

## 'തമ്പുരാനും നാഥനും'

**എന്നാൽ, മലയാള ഖതീബുമാർ ഇന്ന് അല്ലാഹുവിനെ വിളിക്കാൻ വ്യാപകമായി ഉപയോഗിച്ചുവരുന്ന 'തമ്പുരാൻ', 'നാഥൻ' മുതലായ പേരുകളുടെ സ്ഥിതിയെന്താണ്? ഫ്യൂഡൽ വ്യവസ്ഥിതിയിൽ ഇല്ലത്തും കോവിലകത്തും വസിച്ചിരുന്ന മേലാളരോട് കീഴാളർ കാര്യസാധ്യത്തിനായി യാചിച്ചിരുന്നത് 'തമ്പുരാനേ.. തമ്പുരാട്ടീ..' എന്നെല്ലാം വിളിച്ചുകൊണ്ടായിരുന്നു എന്നു നാം കേട്ടിട്ടുണ്ട്. ആ 'തമ്പ്രാനും' തമ്പ്രാട്ടിയും 'നാഥനും' ഒക്കെത്തന്നെ നമുക്ക് അല്ലാഹുവിനെ വിളിക്കാനുള്ള പേരുകളായി ഉപയോഗിക്കാമോ? മലയാള ഖത്വീബുമാർ അങ്ങനെ ചെയ്യുന്നതിന് ശറഇൽ വല്ല ന്യായീകരണവുമുണ്ടോ?**

ഈ ചോദ്യത്തിന് ഉത്തരം ആവശ്യമില്ല. ചോദ്യം തന്നെ മതി. അത്രക്ക് സ്വതസ്പഷ്ടമാണ് കാര്യങ്ങൾ. ഇക്കാര്യത്തിൽ ആശയക്കുഴപ്പമുള്ളത് സ്ഥിരമായി മലയാള ഖുത്ബ നിർവ്വഹിക്കുന്ന ചില അറബി മുൻഷികൾക്കു മാത്രമാണ്. അത്തരക്കാരുടെ കാര്യം വിട്ടേക്കാനാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. അതിനാൽ ആ വരക്കപ്പുറം പോകാൻ ഈ ലേഖകൻ ആളല്ല. അല്ലാഹു പറയുന്നു:

وَلِلَّهِ الْأَسْمَاءُ الْحُسْنَىٰ فَادْعُوهُ بِهَا وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَائِهِ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ * [الأعراف: ١٨٠]

*''അല്ലാഹുവിന് ഏറ്റവും ഉൽകൃഷ്ടമായ പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുതേടിക്കൊള്ളുക. അവന്റെ പേരുകളിൽ 'ഇൽഹാദ്' നടത്തുന്ന വരെ നിങ്ങൾ വിട്ടുകളുയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും.''* (വി.ഖു. 7:180)

## 'ഇൽഹാദ്' എന്നാൽ...

സൂറത്തുൽ അഅ്റാഫിലെ മേൽ സുക്തത്തിൽ പറഞ്ഞ ഇൽഹാദ് എന്താണെന്ന് ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ ഉഥൈമീൻ **رحمه الله** വിശദീകരിക്കുന്നത് കാണുക:

فالإلحاد في الأسماء هو المَيْل فيها عما يجب، وهو أنواع، النوع الأول: أن يسمِّيَ اللهَ بما لم يُسمِّ به نفسَه، كما سماه الفلاسفة علة فاعلة، وسماه النصارى أبا، وعيسى الإبن، فهذا إلحاد في أسماء الله تعالى، وكذلك لوسمى الله بأي اسم لم يسم به نفسه فهو ملحد في أسماء الله، ووجه ذلك أن أسماء الله عز وجل توقيفية، فلا يمكن أن نثبت له إلا ما ثبت بالنص، فإذا سميت الله بما لم يسم به نفسه فقد ألحدت ومِلْت عن الواجب، وتسمية الله بما لم يسم به نفسه سوء أدب مع الله، وظلم وعدوان في حقه، لأنه لو أن أحدا دعاك بغير اسمك أو سماك بغير اسمك لاعتبرته قد اعتدى عليك وظلمك، هذا في المخلوق، فكيف بالخالق؟! إذا؛ ليس لك حق أن تسمي الله بما لم يسم به نفسه، فإن فعلت فأنت ملحد في أسماء الله. [ابن عثيمين في شرح العقيدة الواسطية، صفحة ٩٦-٩٧]

*''അല്ലാഹുവിന്റെ നാമങ്ങളിലുള്ള ഇൽഹാദ് എന്നാൽ അവയിൽ കൃത്യവിലോപം കാണിക്കലാണ്. അത് പല ഇനങ്ങളുണ്ട്. ഒന്നാമത്തെ ഇനം, അല്ലാഹു അവനു നിശ്ചയിച്ചിട്ടില്ലാത്ത പേരുകൾ അവനു ചാർത്തലാണ്. ദാർശനികന്മാർ അല്ലാഹുവിന്ന് കാരണകർത്താവെന്നും, ക്രൈസ്തവർ അല്ലാഹുവിന്ന് പിതാവെന്നും, ഈസാ നബിക്ക് പുത്രനെന്നും പേർ നിശ്ചയിച്ചത് ഉദാഹരണം. ഇത് അവന്റെ നാമങ്ങളിൽ നടത്തുന്ന കൃത്യവിലോപമാകുന്നു. അതേപോലെ, അല്ലാഹു തനിക്ക് നിശ്ചയിച്ചിട്ടില്ലാത്ത ഏതൊരു പേരുകൊണ്ട് അല്ലാഹുവിനെ വിളിച്ചാലും അവൻ അല്ലാഹുവിന്റെ നാമങ്ങളിൽ ഇൽഹാദ് നടത്തിയവനാകും. അല്ലാഹുവിന്റെ നാമങ്ങൾ തൗഖീഫിയ്യഃ ആകുന്നു എന്നതാണതിനു കാരണം. അതിനാൽ പ്രമാണവാക്യങ്ങളിൽ സ്ഥിരപ്പെട്ടതല്ലാത്ത യാതൊന്നും തന്നെ നാം അല്ലാഹുവിനു സ്ഥിരപ്പെടുത്താൻ പാടില്ല. <u>**അല്ലാഹു തനിക്ക് നിശ്ചയിച്ചിട്ടില്ലാത്ത പേര് നീ അവനു ചാർത്തിയാൽ നീ ഇൽഹാദ് നടത്തുകയും കൃത്യവിലോപം വരുത്തുകയും ചെയ്തിരിക്കുന്നു. അല്ലാഹു തനിക്ക് നിശ്ചയിക്കാത്ത പേര് അവനു ചാർത്തിക്കൊടുക്കുന്നത് അവനോട് കാണിക്കുന്ന അനാദരവാകുന്നു.**</u> കാരണം, ആരെങ്കിലും നിന്റേതല്ലാത്ത പേരുകൊണ്ട് നിന്നെ വിളിക്കുകയോ, നിന്റെ പേരല്ലാത്തത് നിനക്ക് ചാർത്തുകയോ ചെയ്താൽ നിന്നെ കയ്യേറ്റം ചെയ്തവനായും അക്രമം കാണിച്ചവനായിട്ടുമല്ലേ നീ അവനെ പരിഗണിക്കുക? സൃഷ്ടികളോടാകുമ്പോൾ ഇതാണ്*

*സ്ഥിതിയെങ്കിൽ സ്രഷ്ടാവിനോടാകുമ്പോൾ എങ്ങനെയായിരിക്കും കാര്യം? അപ്പോൾ അല്ലാഹു നിശ്ചയിച്ചതല്ലാത്ത പേര് അവനു ചാർത്താൻ നിനക്കവകാശമില്ല തന്നെ. നീ അങ്ങനെ ചെയ്യുന്ന പക്ഷം അല്ലാഹുവിന്റെ നാമങ്ങളിൽ നീ ഇൽഹാദ് നടത്തുന്നവനായിത്തീരും.* (ഇബ്നു ഉഥൈമീൻ, ശർഹുൽ അഖീദത്തിൽ വാസിതിയ്യഃ പുറം 96-97)

അല്ലാഹുവിനെ അവൻ നിശ്ചയിക്കാത്ത പേരുകൊണ്ട് വിളിക്കുന്നത് ഉലമാക്കൾ എത്ര ഗൗരവത്തോടെയാണ് കാണുന്നതെന്ന് ഇത് മനസ്സിലാക്കിത്തരുന്നു.

## നല്ല ഉദ്ദേശ്യത്തോടെയാണെങ്കിൽ എന്തും വിളിക്കാമെന്നാണോ?

അല്ലാഹുവിനോടല്ലേ വിളിച്ചു പ്രാർത്ഥിക്കുന്നത്? അല്ലാഹു അല്ലാത്ത മറ്റാരോടുമല്ലല്ലോ പ്രാർത്ഥന? നല്ല ഉദ്ദേശ്യത്തോടെ അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ ഇതര ഭാഷകളിലും സംസ്കാരങ്ങളിലും ഉപയോഗിക്കുന്ന ചില പേരുകളിൽ അവനെ വിളിച്ചാൽ എന്താണ് കുഴപ്പം? പലരുടെയും മനസ്സുകളിൽ ഉരുണ്ടുകൂടുന്ന ഒരു ചോദ്യമാണിത്.

എന്നാൽ, ഖുർആനിലോ സുന്നത്തിലോ വന്നിട്ടില്ലാത്ത യാതൊരു പേരുകൊണ്ട് അവനെ വിളിച്ചാലും അത് ഗുരുതരമായ തെറ്റാണ്, അല്ലാഹുവിന്റെ നാമങ്ങളിൽ കാണിക്കുന്ന കൃത്യവിലോപമാണ്, 'ഇൽഹാദാണ്'. ഇസ്ലാമിക പ്രമാണങ്ങളിൽ എവിടെയും ഈ നടപടിയെ ശരിവെക്കുന്ന യാതൊരു തെളിവുമില്ല. സച്ചരിതരായ പൂർവ്വസൂരികളുടെ നടപടികളിൽ ഇതിനൊരു മുൻമാതൃകയില്ല. നമ്മുടെ കർമ്മങ്ങൾ എപ്പോഴാണ് അല്ലാഹു സ്വീകരിക്കുക, എപ്പോഴാണ് തള്ളുക, എപ്പോഴാണ് അവ നമുക്കു തന്നെ വിനയായി തിരിച്ചടിക്കുക എന്നതിനെ കുറിച്ച് ചില കാര്യങ്ങൾകൂടി പറയട്ടെ.

## സ്വീകാര്യതയുടെ ആധാരങ്ങൾ

ദുആ ഇബാദത്താണ്-ഏറ്റവും ശ്രേഷ്ഠമായ ഇബാദത്ത്; എല്ലാ ഇബാദത്തുകളുടെയും ആത്മാവ്. ഇബാദത്തുകളുടെ കാര്യത്തിലുള്ള പൊതു തത്വം അല്ലാഹുവിന്റെ പ്രത്യേക കൽപനയില്ലാത്തതൊന്നും ഇബാദത്തായി അനുഷ്ഠിക്കാവതല്ല എന്നതാണ്. അങ്ങനെ ചെയ്തുപോയാൽ അത് സ്വീകാര്യമായ ഇബാദത്താവില്ല; മറിച്ച്, തള്ളപ്പെടുന്ന ബിദ്അത്തായി മാറും.

ഇബാദത്ത് സ്വീകാര്യയോഗ്യമാകുന്നത് അവ **إخلاص**، **اتباع**എന്നീ രണ്ട് ആധാരങ്ങളിൽ നിലകൊള്ളുമ്പോൾ മാത്രമാണ്. 'ഇഖ്ലാസ്' എന്നു പറഞ്ഞാൽ ആ കർമ്മം അല്ലാഹുവിന്റെ വജ്ഹ് മാത്രം ഉദ്ദേശിച്ചുകൊണ്ട് ചെയ്തതായിരിക്കമെന്നർത്ഥം. മറിച്ച്, അല്ലാഹുവിന്റെ വജ്ഹ് ഉദ്ദേശിക്കാതിരിക്കുക, അല്ലാഹുവിന്റെ വജ്ഹിന്റ കൂടെ മറ്റാരുടെയെങ്കിലും പ്രീതി, അംഗീകാരം, പ്രശംസ, ലോകമാന്യം, മുതലായവ ഉദ്ദേശിക്കുകയോ ചെയ്താൽ ആ കർമ്മം പാഴായിപ്പോവുക മാത്രമല്ല അവൻ ശിക്ഷിക്കപ്പെടുക കൂടി ചെയ്യും. അതേപോലെ, റസൂൽ ﷺ യുടെ സുന്നത്ത് പിന്തുടരാതെ നിർവ്വഹിക്കപ്പെടുന്ന ഇബാദത്തും അല്ലാഹുവിങ്കൽ സ്വീകാര്യമാവില്ല. അത് തള്ളപ്പെടുന്ന ബിദ്അത്തായിത്തീരും. ഖുർആനിലെ പല സൂക്തങ്ങളിൽനിന്നും ഇക്കാര്യം നമുക്ക് മനസ്സിലാക്കാം. സൂറതുൽ കഹ്ഫിൽ അല്ലാഹു പറയുന്നത് നോക്കുക:

فَمَنْ كَانَ يَرْجُوا لِقَاءَ رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا ﴿ [الكهف: ١١٠]

*“അതിനാൽ വല്ലവനും തന്റെ റബ്ബുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സ്വാലിഹായ കർമ്മം നിർവഹിക്കുകയും തന്റെ റബ്ബിന്നുള്ള ഇബാദത്തിൽ മറ്റു യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ.”* (വി.ഖു. 18:110)

സ്വാലിഹായ കർമ്മം എന്നു പറഞ്ഞാൽ നബി ﷺ യുടെ ചര്യയോട് കൃത്യമായി യോജിച്ചത് എന്നാണർത്ഥം. അല്ലാഹുവിനുള്ള ഇബാദത്തിൽ നബി ﷺ യെ ഇത്തിബാഅ് ചെയ്യൽ നിർബ്ബന്ധമാണ്. അല്ലാത്ത പക്ഷം ആ പ്രവർത്തി ബിദ്അത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുക. ബിദ്അത്തുകൾ എല്ലാം തന്നെ തള്ളപ്പെടേണ്ടവയാണ്. അവ വഴികേടുകളാണ്. അല്ലാഹു സ്വീകരിക്കാത്ത കാര്യങ്ങളാണ്. അവ അന്തിമമായി നരകത്തിൽ പതിക്കാനുള്ളവയാണ്.

അപ്പോൾ, അല്ലാഹുവിനെയാണ് വിളിച്ചു പ്രാർത്ഥിക്കുന്നത് എന്ന ഉദ്ദേശ്യത്തോടെ ഖുർആനിലോ സുന്നത്തിലോ വന്നിട്ടില്ലാത്ത ഒരു പേരുകൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്താൽ അവന്ന് ‘ഇഖ്ലാസ്’ എത്രയുണ്ടെങ്കിലും അതിൽനിന്നും ഇത്തിബാഇന്റെ അംശം ചോർന്ന് പോകും. സൂറതുൽ അഅ്റാഫിലെ 180-ാമത്തെ സൂക്തത്തിൽ വ്യക്തമാക്കിയതു പ്രകാരം അത് അല്ലാഹുവിന്റെ നാമങ്ങളിൽ കാണിക്കുന്ന കൃത്യവിലോപമായിത്തീരുകയും ചെയ്യും. ഇത്തരം കൃത്യവിലോപങ്ങൾ അല്ലാഹുവിന്റെ നാമ-ഗുണ വിശേഷങ്ങളിലുള്ള തൗഹീദിന് വിരുദ്ധവും വ്യക്തമായ ഇൽഹാദുമാണ്. തനിക്ക് അറിവില്ലാത്ത കാര്യങ്ങൾ അല്ലാഹുവിന്റ പേരിൽ പറഞ്ഞുണ്ടാക്കുക എന്ന അതിഗുരുതരായ പാപമാണത്. ഇത്തരക്കാരുടെ കാര്യം വിട്ടേക്കാനാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. അവർ ചെയ്തുകൊണ്ടിരിക്കുന്ന അനർത്ഥങ്ങൾക്കുള്ള ഫലം അവർക്കു വഴിയെ കിട്ടിക്കൊള്ളും. കാരണം, അല്ലാഹുവിന് പേര് നിശ്ചയിക്കുന്നത് അവൻ തന്നെയാണ്. തന്റെ നാമങ്ങളായി അല്ലാഹു നബി ﷺ ക്ക് പഠിപ്പിച്ചുകൊടുത്ത, ഖുർആനിലും നബിവചനങ്ങളിലുമുള്ള നാമങ്ങളിൽ മാത്രമേ അല്ലാഹുവിനെ വിളിച്ചുപ്രാർത്ഥിക്കാൻ പാടുള്ളു. അതാണ് ഉപരിസൂചിത ഖുർആൻ വചനത്തിൽ അല്ലാഹു കൽപിച്ചിട്ടുള്ളത്. നബി ﷺ മുഖേന അല്ലാഹു പഠിപ്പിച്ചു തന്ന അല്ലാഹുവിന്റെ പേരുകളിലൊന്നിലും തന്നെ ‘നാഥൻ’ എന്നോ ‘തമ്പുരാൻ’ എന്നോ ഇല്ല. അവന്റെ നാമങ്ങളും ഗുണവിശേഷങ്ങളും തൗഖീഫിയ്യത്താണ്. അഥവാ എപ്രകാരമാണോ വഹ്‌യ് മുഖേന പഠിപ്പിക്കപ്പെട്ടത് അപ്രകാരം മാത്രമേ അല്ലാഹുവിനെ വിളിച്ചുപാർത്ഥിക്കാൻ പാടുള്ളു. അതല്ലാത്ത, യുക്തിവാദത്തിന് അതിൽ യാതൊരു സ്ഥാനവുമില്ല.

**നബിയുടെ കാലശേഷം ഇസ്‌ലാമിക പ്രബോധനാർത്ഥം സ്വഹാബികളിൽ പലരും പല രാജ്യങ്ങളിലേക്കും പോയിട്ടുണ്ടായിരുന്നു. അറേബ്യൻ ഉപദ്വീപിന് പുറത്ത് ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലും യൂറോപ്പിന്റെ ചില ഭാഗങ്ങളിലും ഇസ്‌ലാം എത്തിച്ച സച്ചരിതരായ സലഫുകൾ ആരെങ്കിലും അവിടത്തെ പ്രാദേശിക ഭാഷയിൽ അല്ലാഹുവിന്റെ പേരുകൾ തർജുമ ചെയ്ത് അതിലൂടെ അല്ലാഹുവിനെ വിളിച്ചുപ്രാർത്ഥിച്ചതിന്ന് പ്രാമാണികമായ ഒരു രേഖയുമില്ല. മാത്രമല്ല, ആ അനറബി രാജ്യങ്ങലിലെല്ലാം ഇസ്‌ലാം പ്രബോധനം ചെയ്ത സ്വഹാബി-താബിഈ-താബിഉത്താബിഈ ശൃംഖലയിലെ ആളുകളെല്ലാം, ഇസ്‌ലാമിക പ്രബോധനത്തോടൊപ്പം അറബി ഭാഷയുടെ പ്രബോധനവും കൂടി നിർവ്വഹിക്കുകയായിരുന്നുവെന്ന് ചരിത്രം പരിശോധിച്ചാലറിയാം. ഈജിപ്ത്, സുഡാൻ തുട**

**ങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളെല്ലാം അറബ് രാജ്യങ്ങളായി മാറിയത് അറബി മുൻഷിമാരിലൂടെയല്ല. മറിച്ച്, പരലോക ബോധത്തിലൂന്നിയ പൂർവ്വസൂരികളുടെ ഇസ്‌ലാമിക ദഅ്‌വത്തിന്റെ ഭാഗമായിട്ടാണ്.**

## തർജുമാ വാദത്തിന്റെ ബാലിശത

പേർഷ്യക്കാരനായിരുന്ന സൽമാനും റോമക്കാരനായിരുന്ന സുഹൈബും ആഫ്രിക്കക്കാരനായിരുന്ന ബിലാലുമെല്ലാം അല്ലാഹുവിനെ വിളിച്ച് ദുആ ചെയ്തിരുന്നത് നബി صلى الله عليه وسلم യും അബൂബക്കർ സിദ്ദീഖുമൊക്കെ ദുആ ചെയ്ത, തർജുമ ചെയ്യാത്ത, അല്ലാഹുവിന്റെ അറബി പേരുകളിൽ മാത്രമായിരുന്നു. അല്ലാത്ത മറ്റൊരു രീതി ചരിത്ര ഗ്രന്ഥങ്ങളിൽ പോലും ഉദ്ധരിക്കപ്പെട്ടിട്ടില്ല.

എന്താണിതിനു കാരണം? അവർ റസൂൽ ﷺ യെ ഇത്തിബാഅ് ചെയ്യുകയായിരുന്നു. ഏതെല്ലാം വിഷയത്തിൽ റസൂൽ ﷺ യെ ഇത്തിബാഅ് ചെയ്യാൻ കഴിയുമോ അത്തരം വിഷയങ്ങളിലെല്ലാം തന്നെ അവർ നബി ﷺ യെ ഇത്തിബാഅ് ചെയ്യാൻ മത്സരിക്കുയായിരുന്നു. വളരെ നിസ്സാരമായൊരു കാര്യത്തിൽ പോലും നബി ﷺയെ ഇത്തിബാഅ് ചെയ്യുന്നതിൽനിന്ന് മാറി ചിന്തിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. എന്നിട്ടല്ലേ തൗഹീദിന്റെ കാര്യത്തിൽ അവർ റസൂൽ ﷺ ന്റെ ഇത്തിബാഇൽനിന്ന് മാറിച്ചിന്തിക്കുന്നത്!!

*''അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ ഇൽഹാദ് നടത്തുന്നവരെ നിങ്ങൾ വിട്ടുകളയുക...''* എന്നിങ്ങനെയുള്ള ഖുർആൻ വചനങ്ങൾ അതിന്റെ ആശയ സഹിതം റസൂൽ ﷺ ന്റെ നാവിൽനിന്ന് നേരിട്ടുപഠിച്ച ഒരൊറ്റ സ്വഹാബിയും അല്ലാഹുവിനോട് ദുആ ചെയ്യാൻ തന്റെ നാട്ടിന്റെ സാമൂഹിക സാംസ്കാരിക പൈതൃകമനുസരിച്ചുള്ള ഏതെങ്കിലും പദം അന്വേഷിക്കുമെന്ന് ചിന്തിക്കാൻ പോലും പറ്റില്ല. കാരണം അതെല്ലാം തന്നെ ഉദ്ധൃത ഖുർആൻ വചനത്തിൽ (വി.ഖു. 7:180) പരാമർശിക്കപ്പെട്ട ഇൽഹാദിന്റെ പരിധിയിൽപെടുമെന്ന് അവർ മനസ്സിലാക്കിയിരുന്നു.

'നാഥൻ, തമ്പുരാൻ' മുതലായവ ഏതോ ചില അറബി നാമങ്ങളുടെ തർജുമയാണെന്ന് വാദിക്കുന്ന ചിലരുണ്ട്. അവരോട് ചില നാടൻ ചോദ്യങ്ങൾ ചോദിക്കാനുണ്ട്.

1. ഒരാളുടെ പേരിനു പകരം ആ പേരിന്റെ അർത്ഥത്തെ പേരാക്കി വിളിക്കാമോ? ഉദാഹരണത്തിന് ഒരാളുടെ പേര് അബ്ബാസ് എന്നാണെന്നു വെക്കുക. അബ്ബാസ് എന്നാൽ മുഖം ചുളിച്ചവൻ എന്നാണർത്ഥം. അപ്പോൾ അബ്ബാസേ എന്നു വിളിക്കുന്നതിനു പകരം 'മുഖം ചുളിച്ചവനേ' എന്ന് വിളിച്ചെന്നിരിക്കട്ടെ. എന്തായിരിക്കും സ്ഥിതി? ആ പേരിന് അങ്ങനെ അർത്ഥമില്ലേ എന്നതല്ല പ്രശ്നം, ആ അർത്ഥത്തിൽ അയാളെ വിളിക്കാമോ എന്നതാണ് പ്രശ്നം.

2. ലോകത്തെവിടെയെങ്കിലും ഔദ്യോഗിക രേഖകളിലോ അല്ലാത്തിടത്തോ സ്വന്തം പേരിനു പകരം അതിന്റെ തർജുമ രേഖപ്പെടുത്തുന്ന സമ്പ്രദായമുണ്ടോ? ഒരാളെ തിരിച്ചറിയാനുപയോഗിക്കുന്ന ഐഡി കാർഡുകളിലേതെങ്കിലുമൊന്നിൽ പേരിന്റെ

സ്ഥാനത്ത് അതിന്റെ തർജുമ രേഖപ്പെടുത്തുന്ന സമ്പ്രദായം നിലവിലുണ്ടോ? യേശുദാസ് എന്ന മലയാളി ഗൾഫിൽ പോയാൽ വിസയിൽ യേശുദാസ് എന്നതിനു പകരം അബ്ദുൽ മസീഹ് എന്നാണോ രേഖപ്പെടുത്താറുള്ളത്? അബ്ദുല്ല എന്ന അറബിക്ക് ഇന്ത്യൻ കോൺസുലേറ്റ് വിസ കൊടുക്കുമ്പോൾ ദേവദാസ് എന്നാണോ രേഖപ്പെടുത്താറുള്ളത്?

3. ‘നാഥാ... തമ്പുരാനേ...’ എന്നിങ്ങനെ വിളിച്ചുപ്രാർത്ഥിക്കുന്ന ജമീൽ മൗലവി റേഷൻ കടയിൽനിന്ന് അരി വാങ്ങാൻ കാർഡ് അട്ടിവെച്ച് കാത്തിരുന്നുവെന്നിരിക്കട്ടെ. അപ്പോൾ മൗലവിയുടെ കാർഡിലെ പേരായ ‘ജമീൽ കുന്നത്ത്’ എന്ന് പേര് വളിച്ചപ്പോൾ ‘സുന്ദരൻ കുന്നത്ത്’ എന്ന് പേരുള്ള മറ്റൊരാൾ അരി വാങ്ങിപ്പോയാൽ നിങ്ങൾക്ക് അയാളെ കുറ്റപ്പെടുത്താൻ പറ്റുമോ?

4. സൗദിയിലെ കിങ് ഫഹ്ദ് എന്നതിന് പകരം ‘പുലിരാജാ’ എന്ന് ആരെങ്കിലും വിളിച്ചതായി കേട്ടിട്ടുണ്ടോ? ജബ്ബാർ എന്നു പേരുള്ള ഒരാൾ പോകുമ്പോൾ അയാളെ ‘പോക്കിരീ...’ എന്നു വിളിച്ചാൽ അയാൾ ചിരിച്ചുകൊണ്ട് ഹസ്തദാനം ചെയ്യുമെന്നാണോ അതോ വിളിച്ചവനോട് കണക്ക് തീർക്കുമെന്നാണോ പ്രതീക്ഷിക്കേണ്ടത്? അപ്പോൾ പിന്നെ, നിങ്ങളുടെ തർജുമാ വാദത്തിന് എന്തർത്ഥമാണുള്ളത്?

**എങ്കിൽ പിന്നെ, അല്ലാഹുവേ... റബ്ബേ..., ...يا رحيم ...يا رحمن എന്നിങ്ങനെ പറയാൻ നിങ്ങൾക്കെന്താണിത്ര മടി? ‘നാഥാ... തമ്പുരാനേ...’ എന്നു തന്നെ അടുത്ത വെള്ളിയാഴ്ചയും പ്രാർത്ഥിക്കുമെന്ന് എന്തിനാണിത്ര വാശിപിടിക്കുന്നത്? അല്ലാഹുവിന്റെ അറബി പേരുകൾ ഒഴിവാക്കി ‘നാഥാ... തമ്പുരാനേ...’ എന്നിങ്ങനെ പ്രാർത്ഥിക്കാൻ വാശികാണിക്കുന്ന ഖതീബുമാരിൽ പലരും അറബി മുൻഷിമാരാണെന്നതാണ് മറ്റൊരു വിചിത്ര സത്യം!!**

## മൻഹജുൽ ഹഖ് ( منهج الحق ) അഥവാ ശരിയായ രീതി

വഹ്‌യിനു മാത്രമേ അപ്രമാദിത്വവും പ്രാമാണികതയും അവകാശപ്പെടാൻ കഴിയൂ. ഖുർആനും സുന്നത്തും മാത്രമാണ് വഹ്‌യ്. ഖുർആനും സുന്നത്തും നബി ﷺ യുടെ ആദിമശിഷ്യന്മാരായ സ്വഹാബത്ത് മനസ്സിലാക്കിയ അതേ രൂപത്തിൽ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ജീവിതത്തിൽ പ്രയോഗവൽക്കരിക്കുകയും ചെയ്യുക എന്നതാണ് ‘മൻഹജുൽ ഹഖ്’. വിശ്വാസ കാര്യങ്ങളിലും ആരാധനാ കർമ്മങ്ങളിലും ആചാരവിശേഷങ്ങളിലും സ്വഭാവരീതികളിലുമെല്ലാം സലഫുസ്സ്വാലിഹുകളെയാണ് മാതൃകയാക്കേണ്ടത്. നബി ﷺ യും സ്വഹാബത്തും അവരെ പിന്തുടർന്ന താബിഉകളും താബിഉത്താബിഉകളുമടങ്ങുന്ന മൂന്ന് ഉത്തമ തലമുറക്കാരെയാണ് പൊതുവെ സലഫുസ്സ്വാലിഹുകൾ അഥവാ പൂർവ്വസൂരികൾ എന്ന് പറയുന്നത്. ഇവരുടെ മാതൃക പൂർണ്ണമായി അംഗീകരിക്കുകയെന്നതാണ് ഇസ്‌ലാമിന്റെ തെറ്റാത്ത രീതിശാസ്ത്രം. ചിലർ അതിനെ പാർട്ടിവൽക്കരിച്ച് വികൃതമാക്കാനും നോട്ടീസ് അച്ചടിക്കുമ്പോൾ സ്ഥാനപ്പേരു നൽകാനുമൊക്കെയാണ് ഇന്ന് ഉപയോഗിക്കുന്നത്. ഇസ്‌ലാമിനെയും ഇസ്‌ലാമിന്റെ തനതു രീതിശാസ്ത്രത്തെയും ഒരു പാർട്ടിക്കുള്ളിലും തളച്ചിടാനാവില്ല. മറിച്ച്, വിശ്വാസപരവും കർമ്മപരവും ആചാരാനുഷ്ഠാനപരവും തുടങ്ങി ജീവിതത്തിന്റെ സകല മേഖലകളെയും ചിട്ടപ്പെടുത്തുന്ന വ്യക്തവും കൃത്യവും കുറ്റമറ്റതുമായ അല്ലാഹുവിന്റെ മാർഗ്ഗമായി അത്

അന്ത്യനാൾ വരെ നിലനിൽക്കുക തന്നെ ചെയ്യും. യോഗ്യരായ പണ്ഡിതന്മാരിൽനിന്ന് പ്രമാദമുക്തമായും മര്യാദകളനുസരിച്ചുമാണ് അത് സ്വായത്തമാക്കേത്. ഈ 'മൻഹജുൽ ഹഖ്' പിന്തുടരുന്നവർ ഏതു കാലത്തും സ്ഥലത്തും ജീവിച്ചിരിക്കുന്നുണ്ടാകാം. അവർ പരസ്പരം കണ്ടിട്ടില്ലെങ്കിലും അവരൊന്നാണ്, അജയ്യമായ ഹഖ് പിന്തുടരുന്നവർ. അവർ എല്ലാവരും ഒന്നായി ഹഖ് പിന്തുടരുന്നു, സത്യത്തിന്റെ പാശം മുറുകെ പിടിക്കുന്നു. അവർ സർക്കുലർ നോക്കിയല്ല ദീൻ തീരുമാനിക്കുന്നത്, അല്ലാഹുവിന്റ വഹ്‌യിൽ സ്ഥിരപ്പെടുക, സച്ചരിതരായ പൂർവ്വീകർക്കിടയിൽ അറിയപ്പെടുക, ദീൻ ഏതാണെന്ന് തീരുമാനിക്കാൻ അതു മതി.

## ഭക്തി, ഭക്തി പാരവശ്യം

ഇസ്‌ലാമിലെ സാങ്കേതിക ശബ്ദമായ തഖ്‌വക്ക് മലയാളത്തിൽ ഭക്തി എന്ന പദമാണ് പൊതുവെ ഉപയോഗിച്ച് വരാറുള്ളത്. ഭക്തി എന്ന പദത്തിന്റെ ധ്വനികൾ പലതും ഇസ്‌ലാമിലെ തഖ്‌വയുമായി ഒത്തുപോകുന്നില്ല എന്നത് ഒരു അനിഷേധ്യമായ യാഥാർത്ഥ്യമാണ്. അല്ലാഹുവേ... റബ്ബേ... **يا رحمن.... يا غفَّار....** എന്നിങ്ങനെയുള്ള, അല്ലാഹുവിന്റെ അറബി പേരുകൾ ഒഴിവാക്കി നാഥാ! തമ്പുരാനേ! എന്നിങ്ങനെ വിളിച്ചു പ്രാർത്ഥിക്കുമ്പോഴാണ് കൂടുതൽ ഭക്തി ലഭിക്കുന്നത് എന്നാണ് ചില ഖതീബുമാരും അവരുടെ ശ്രോതാക്കളും കരുതുന്നത്. ഈ ഭക്തി അല്ലാഹുവോ അവന്റെ ദൂതനോ പറഞ്ഞിട്ടുള്ള തഖ്‌വയല്ല. **الله** എന്ന നാമം പറയുമ്പോൾ ലഭിക്കുന്ന തഖ്‌വയും ബർകത്തും തൗഫീഖും ഇസ്മത്തും (സംരക്ഷണം) മറ്റൊന്നുകൊണ്ടും ലഭിക്കുകയില്ല തന്നെ. മഹത്തായ ആ അടിസ്ഥാന നാമത്തിനു പകരംവെക്കാൻ മറ്റൊന്നും തന്നെയില്ല. അതു കൊണ്ട് പ്രഭാത-പ്രദോഷങ്ങളിൽ നിത്യമായി നടത്താനുള്ള ദുആകളുടെ കൂട്ടത്തിൽ ഇങ്ങനെ പഠിപ്പിച്ചിരിക്കുന്നത്:

عن عثمان بن عفان ﷺ قال، قال رسول الله ﷺ : ما من عبد يقول في صباح كل يوم ومساء كل ليلة بِسْمِ اللهِ الَّذِي لَا يَضُرُّ مَعَ اسْمِهِ شَيْءٌ فِي الْأَرْضِ وَلَا فِي السَمَاءِ وَهُوَ السَمِيعُ الْعَلِيمُ ثلاث مرات لم يضره شيء [أبو داود، الترمذي، ابن ماجة، أحمد، وصححه الألباني]

*ഉസ്മാൻ ബിൻ അഫ്ഫാൻ ﷺ ൽനിന്നു നിവേദനം. അദ്ദേഹം പറയുന്നു, നബി صلى الله عليه وسلم പറഞ്ഞിണ്ട്: ''ഏതൊരാൾ എല്ലാ ദിവസവും പ്രഭാതവേളയിലും, എല്ലാ രാത്രി സന്ധ്യാ സമയത്തും മൂന്ന് തവണ ഇങ്ങനെ പറഞ്ഞാൽ അദ്ദേഹത്തെ ഒന്നും തന്നെ ഉപദ്രവിക്കുകയില്ല: ''**الله** എന്ന നാമം കൊണ്ട്, അവന്റെ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തിലോ ഉള്ള യാതൊന്നിനും ഉപദ്രവിക്കാനാവില്ല, അവനാകുന്നു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും''* (അബൂദാവൂദ്, തിർമുദി, ഇബ്നു മാജഃ, അഹ്‌മദ്, അൽബാനി സ്വഹീഹ് എന്ന് രേഖപ്പെടുത്തിയത്)

എന്നാൽ 'തമ്പുരാനോ' 'നാഥനോ' 'ദൈവമോ' 'ഖുദയോ' ഒന്നും തന്നെ അല്ലാഹുവിന്റെ നാമങ്ങളല്ല, അവയൊന്നും അല്ലാഹുവിനെ വിളിക്കാൻ ഉപയോഗിക്കാവതുമല്ല. എന്നാൽ ചില പ്രത്യേക ഈണങ്ങളോ അന്തരീക്ഷങ്ങളോ ചിലരിൽ ഭക്തി പാരവശ്യമുണർത്തുന്നുണ്ടാകാം. അത് അല്ലാഹു ഉദ്ദേശിക്കുന്ന തഖ്‌വയല്ല. ഇത്തരം വ്യാജ തഖ്‌വകളുടെ പിന്നാലെ പോകുന്ന ആളുകൾ അതിന്ന് അവർ തെളിവ് ഹാജരാക്കണം. ദീനിൽ അംഗീ

കരിക്കപ്പെടുന്ന തെളിവ് ഖുർആനും സ്ഥിരപ്പെട്ട ഹദീസുമാണ്. അല്ലാതെ, തങ്ങളുടെ കേവലം യുക്തിയോ അനുഭവങ്ങളോ അല്ല. ചില പ്രത്യേക മന്ത്രോച്ചാരണത്തിലൂടെ അല്ലാഹുവല്ലാത്തവരെ വിളിച്ചുപ്രാർത്ഥിക്കുന്ന ആളുകൾക്കും ഭക്തിയുടെതായ ചില അനുഭവങ്ങളുണ്ടാകാറുണ്ട്. ഖുർആനിന്റെയും സുന്നത്തിന്റെയും പിൻബലമില്ലാത്ത എല്ലാ ഭക്തിരൂപങ്ങളെയും നാം ഉപേക്ഷിച്ചേ പറ്റൂ.

## സമാപനം

അല്ലാഹുവിന്റെ ദീനിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണ് ഈ കുറിപ്പ്. അവന്റെ തൗഹീദിന്റെ മാർഗ്ഗത്തിലുള്ള ഒരു സേവനം. അല്ലാതെ, ആരോടുമുള്ള വിരോധത്തിന്റെ പേരിലല്ല. ഈ ദഅ്വത്ത് നടത്താൻ ഒരു പാർട്ടി രൂപപ്പെടട്ടെ എന്ന് ഞാൻ കാത്തിരിക്കുന്നുമില്ല. ഇവിടെ പറയപ്പെട്ട കാര്യങ്ങളോട് വിയോജിപ്പുള്ളവർ അവരുടെ പക്കൽ ദീനിൽ അംഗീകരിക്കപ്പെടുന്ന തെളിവുകളുണ്ടെങ്കിൽ അത് ഹാജരാക്കട്ടെ. ആ തെളിവുകൾ പ്രാമാണികമാണെങ്കിൽ അതിനെ പിൻപറ്റാൻ ഈ ലേഖകൻ ഏതെങ്കിലും പാർട്ടി ഓഫീസുകളിൽനിന്ന് അനുമതി കാത്തിരിക്കുന്നില്ല. അല്ലാഹു നമ്മെ നേർവഴിയിലാക്കിത്തരട്ടെ എന്നു ദുആ ചെയ്യുന്നു. ഇതോടെ ഇതവസാനിക്കുന്നുമില്ല.

സ്നേഹപൂർവ്വം
പി. മുഹമ്മദ്

## وَلِلَّهِ الْأَسْمَاءُ الْحُسْنَىٰ فَادْعُوهُ بِهَا وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَائِهِ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ [الأعراف : ١٨٠]

هذه المنشورة نصيحةٌ لعامة الأمة حمايةً لجناب التوحيد ونذارةً عن الإلحاد في أسماء الله الحُسنى وصِفَاتِه العُلا، وقد دبَّتْ إلى كثيرٍ من شُعوبِ العجمِ ظاهرةُ الإلْحَادِ في أسماءِ الربِّ وصفاتِه تبارك وتعالى، حَتى إن كثيرًا ممن يَصِفُونَهمْ بالدعاةِ والخطباءِ والعلماءِ يُسمُّون اللهَ بغيرِ أسمائِه، ويدْعُون اللهَ على المنابرِ في خُطَبِهِم يومَ الجمعةِ وفي غيرِها بأسماءَ لَمْ يُسَمِّ اللهُ بها نفسَهُ في كتابِهِ أو على لِسانِ نبيِّهِ صلى الله عليه وسلم، ويَخْتَارُون مِن ثَقافَاتِهِمْ الأجْنَبِيَّةِ وَلُغَاتِهِمْ الأَعْجَمِيَّةِ ما تَهْوَى بِه أنفُسُهُمْ من الأَسَامِي ويدْعُونَ اللهَ بها في دُعَائِهِمْ وعِبَادَاتِهِم، ويَزْعُمُون أَنَّها مِن أَسْمَاءِ اللهِ تعالى في لُغَاتِهِم، أَوْ هِي تَرْجُمَةٌ لِمَا ثَبَتَ بالنصِّ مِنْ أسْمَاءِ اللهِ تعالى، وَكَأَنَّهُمْ يَتَسَاهَلُونَ في الْمَوْضُوعِ وَيَتَهَاوَنُونَ فيهِ، كلَّا ! إنَّ المسألةَ أَشَدُّ منْ ذَلِكَ!! إنَّهَا مِنْ أَعظَمِ المحَرَّماتِ، إِذْ هِي مُنْدَرِجَةٌ داخِلَ التقَوُّلِ على اللهِ بِغَيرِ عِلمٍ، بلْ هُوَ عَيْنُ الإلحَادِ الذِي حَذَّرَنَا اللهُ تعالى مِنْهُ في مُحْكَمِ تَنْزِيلِهِ بِأَبْلَغِ تَحْذِيرٍ، وقالَ عزَّ مِنْ قائِلٍ: ﴿وَذَرُوا الذِينَ يُلْحِدُونَ في أَسْمَائِهِ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ﴾، وَذلِكَ أَنَّ أسماءَ اللهِ تعالى تَوْقِيفِيَّةٌ، يَجِبُ أَنْ نَقْتَصِرَ عَلى مَا ثَبَتَ في النصِّ مِنْ أَسْمَائِهِ وَصِفَاتِهِ، وَإِمْرَارُهَا كَمَا جَاءَتْ مِنْ غَيْرِ تَكْيِيفٍ وَلَا تَعْطِيلٍ، وَمِنْ غيرِ تَشْبِيهٍ وَلَا تَمْثِيلٍ، وَذَلِكَ مِن الْإِيمَانِ باللهِ تعالى، وَيُعْتَبَرُ قِسمًا مِنْ أَقْسَامِ التَوْحِيدِ الثَلاثَةِ، وَمِمَّا يُعْلَمُ مِنْ دينِ الإِسْلامِ بِالضَرُورَةِ أَنَّ صَالِحَ أَعْمَالِ الْعِبَادِ يَنْبَغِي أَنْ تَكونَ مَبْنِيَّةً على الْإِخْلاصِ وَالْمُتَابَعَةِ، وَإِنْ أَخَلَّ بِجَانِبِ الإِخْلاصِ يَكُونُ عَمَلُهُ شِرْكًا أَكْبَرَ أَوْ أَصْغَرَ بِحَسَبِ حَالِهِ، وَإِنْ أَخَلَّ بِجانِبِ المُتَابَعَةِ صَارَ عَمَلُهُ بِدْعَةً مَرْدودَةً على قائِلِهِ وَفَاعِلِهِ، كائِنًا مَنْ كَانَ، ولَمَّا فَتَحَ اللهُ بلادَ العَجَمِ على أَيْدِي الرعِيلِ الأَوَّلِ لَمْ يَكُنْ مِنْ سَمْتِهِمْ وهَدْيِهِمْ تَسْمِيَةُ اللهِ تَعالى بِأَسْمَاءَ مُسْتَعَارَةٍ مِن ثَقَافاتِهِمْ أَوْ مُتَرجَمَةٍ إلى لُغَاتِهِمْ، بَلْ كَانُوا يَقْتَصِرُونَ على مَا وَرَدَ في الْوَحْيِ مِنْ أَسْمَائِهِ الْحُسْنَى وَيَلْتَزِمُونَ بِالأَلْفَاظِ الشَرْعِيَّةِ في وَصْفِهِ تَبارَك وَتَعالى، وَمَنْ حَادَ عَنْ طَرِيقَتِهِمْ المُثْلَى في مَسَائِلِ الْأَسْمَاءِ وَالصِفَاتِ فَقَدْ أَلْحَدَ إِلْحَادًا بَيِّنًا، وَالْخَيْرُ كُلّ الْخَيْرِ في الاِتِّبَاعِ كَمَا قَالَ ابْنُ مَسْعُودٍ رضي الله عنه: "اتَّبِعُوا وَلَا تَبْتَدِعُوا، فَقَدْ كُفِيتُمْ"